**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2590 **06.02.2018** - ലെ മറുപടിക്ക്

**<u>പട്ടികജാതി വികസന ഓഫീസറുടെ തസ്തികകൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നഗരസഭകളിൽ പട്ടികജാതി വികസന ഓഫീസറുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; | (എ) | 19 നഗരസഭകളിൽ 19 പട്ടികജാതി വികസന ഓഫീസർ തസ്തിക നിലവിലുണ്ട്. പട്ടികജാതി വികസന ഓഫീസർ തസ്തിക നിലവിലില്ലാത്ത ബ്ലോക്ക്/നഗരസഭകളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ച വരുന്നു. |
| (ബി) | ഏറ്റവും കൂടുതൽ പട്ടികജാതി ജനസംഖ്യയുള്ള നഗരസഭകളിൽ ഒന്നായ കൊണ്ടോട്ടി നഗരസഭയിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് 2 തസ്തിക സൃഷ്ടിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | കൊണ്ടോട്ടി നഗരസഭയിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക നിലവിലില്ല. കൊണ്ടോട്ടി നഗരസഭ പ്രദേശത്തെ പട്ടികജാതി വികസന വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല കൊണ്ടോട്ടി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് നൽകിയിട്ടുണ്ട്. |
| (സി) | ഇരുപതിനായിരത്തോളം പട്ടികജാതി ജനസംഖ്യയുള്ള കൊണ്ടോട്ടി ബ്ലോക്കിൽ ഭരണ സൗകര്യത്തിന് വേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ